# സിറോ മലബാർ സഭ സമാന്തര-അൽമായ സിനഡ്

**മൂന്നാം ദിവസം**

Press release

30/08/2024

**പ്രഥമ അൽമായ സിനഡിന്റെ മൂന്നാം ദിവസം "അൽമായർ നേരിടുന്ന സാമൂഹിക സാമുദായിക പ്രശ്നങ്ങളിൽ പരിഹാരം കണ്ടെത്താൻ കഴിയാത്ത മെത്രാൻ സിനഡ്" എന്ന വിഷയത്തിൽ ചർച്ച നടന്നു. സിനഡിന്റെ അവസാന ദിവസമായ മൂന്നാം ദിവസം, പ്രാർത്ഥയോടെ ആരംഭിച്ച് മാർ ആലഞ്ചേരി പിതാവ് സഭയ്ക്ക് നൽകിയ സംഭാവനകളുടെ അനുസ്മരണത്തിന് ശേഷം, പ്രാർത്ഥനകളോടെ അവസാനിച്ചു.**

**പ്രധാന ചർച്ചകളും തീരുമാനങ്ങളും:**

**ആരാധനാക്രമം, സത്യവിശ്വാസം എന്നിവയിലെ പോലെ തന്നെ സാമുദായിക നേതൃത്വത്തിലും മെത്രാൻ സിനഡ് ഒരു സമ്പൂർണ്ണ പരാജയമാണെന്ന് അൽമായ സിനഡ് വിലയിരുത്തി.**

**സഭയുടെ വിവിധ വിഷയങ്ങളിൽ മെത്രാൻ സിനഡിന്റെ അലംഭാവവും നിഷ്ക്രിയത്വവും, അനിയന്ത്രിതമായ സാമ്പത്തിക സ്രോതസുകളുടെയും ക്രയവിക്രയങ്ങളുടേയും ഫലമാണന്ന് സിനഡിൽ പങ്കെടുത്ത അംഗങ്ങൾ അഭിപ്രായപ്പെട്ടു. ഇത്തരം മേഖലകളിൽ നിയന്ത്രണം കൊണ്ടുവരാൻ രൂപതകൾ തോറും സാമ്പത്തിക ഭരണം ഓഡിറ്റിങ്ങ് എന്നിവയിൽ അൽമായ സമിതികൾ രൂപപ്പെടുത്താൻ യോഗാംഗങ്ങൾ ആവശ്യപ്പെട്ടു. ഭൗതികമായ സുഖലോലുപത വെടിഞ്ഞ് നിരന്തര പ്രാർത്ഥന, നൊയമ്പ് ഉപവാസം, ആത്മീയ ജീവിതം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുക വഴി പരിശുദ്ധാത്മാവിനെ സ്വീകരിച്ച് സഭയെ നയിക്കുവാൻ സീറോമലബാർ സഭയിലെ എല്ലാ മെത്രാന്മാരോടും പുരോഹിതരോടും സന്യസ്തരോടും അൽമായർ ആഹ്വാനം ചെയ്യുന്നതായി യോഗം പ്രഖ്യാപിച്ചു.**

**വിശ്വാസികളുടെ പണം ശേഖരിച്ച് കെട്ടിപ്പൊക്കുന്ന സ്ഥാപനങ്ങൾ വിശ്വാസികൾക്ക് ഗുണം ചെയ്യുന്നില്ലന്നും, അവ വെറും ബിസിനസ് സംരംഭങ്ങളായി പരിണമിക്കുന്നുവെന്നും യോഗം വിലയിരുത്തി. ഓഡിറ്റോറിയം, ആശുപത്രി, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ ആദ്യ പരിഗണന സമുദായംഗങ്ങൾക്കാകണമെന്നും, കഴിയുന്നത്ര ഫീസിളവ് നൽകണമെന്നും സമാന്തര സിനഡ് ആവശ്യപ്പെട്ടു. പത്തുമക്കളുടെ പിതാവായ ഒരു വിശ്വാസി ഗുരുതരമായ അപകടത്തിൽപെട്ട് പാലാ മെഡിസിറ്റിയിൽ ചികിത്സതേടിയപ്പോൾ**

ചികിത്സാഫീസുകൾ ഒന്നും തന്നെ ഈടാക്കാതെ അദ്ദേഹത്തെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവന്ന പാലാ മെഡിസിറ്റിയേയും, ഇത്തരമൊരു നിർദ്ദേശം നൽകിയ പാലാ രൂപതാ മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ടിനേയും യോഗം മുക്തകണ്ഠം പ്രശംസിച്ചു.

ഈ രീതിയിൽ രൂപതകളും, ഇടവകകളും കേന്ദ്രമായി സാമ്പത്തികമായ അവശത അനുഭവിക്കുന്നവർക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ്, സൗജന്യ ചികിത്സ എന്നിവയ്ക്കായി പ്രത്യേക ഫണ്ടുകൾ രൂപീകരിക്കണമെന്നും, അവയ്ക്കായി വേണമെങ്കിൽ വർഷത്തിലെ ഒരു പ്രത്യേക ദിവസത്തെ സ്തോത്രകാഴ്ച്ച ഉപയോഗിക്കണമെന്നും അൽമായ പ്രതിനിധികൾ അഭിപ്രായപ്പെട്ടു.

സാമുദായികമായ പ്രതിസന്ധിഘട്ടങ്ങളിൽ കത്തോലിക്കാ കോൺഗ്രസ് അടുത്ത കാലത്തായി എടുക്കുന്ന നിലപാടുകളേയും , സംഘടന നടത്തുന്ന പ്രവർത്തനങ്ങളേയും സമാന്തര സിനഡ് അംഗങ്ങൾ അനുമോദിച്ചു. മറ്റ് സംഘടനകളും ഇത്തരത്തിലേക്ക് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണമെന്നും യോഗത്തിൽ ആവശ്യമുയർന്നു.

അൽമായരുടെ സാമൂഹിക രാഷ്ട്രീയ സാമ്പത്തിക പ്രതിസന്ധികളൊന്നും തന്നെ മെത്രാൻ സിനഡിന്റെ ചർച്ചയിൽ വരാറില്ലെന്ന് യോഗം വിലയിരുത്തി. ഇതിന് പരിഹാരമായി സീറോമലബാർ സിനഡിന്റെ പ്രവർത്തനങ്ങൾ കാനോൻ നിയമത്തിന് വിധേയമായിക്കൊണ്ട് പരിഷ്കരിക്കണമെന്ന് സമാന്തര സിനഡ് അഭിപ്രായപ്പെട്ടു. സീറോമലബാർ സിനഡിന്റെ ഒരു ദിവസം അൽമായരുടെ സാമൂഹിക രാഷ്ട്രീയ സാമ്പത്തിക വിഷയങ്ങൾക്ക് വേണ്ടി മാത്രമായി മാറ്റിവെയ്ക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

ഇതുകൂടാതെ 2019ൽ സഹോദര സഭയായ കൽദായ കത്തോലിക്കാ സഭയിൽ നടപ്പാക്കിയതുപോലെ സഭയോടൊത്ത് ചിന്തിക്കുന്ന ഒരു അൽമായ പ്രതിനിധിയെങ്കിലും സിനഡിൽ ഉണ്ടാവണമെന്നും, സിനഡ് യോഗങ്ങളുടെ അജണ്ട മുൻകൂട്ടി അൽമായരെ പൊതുവായി അറിയിച്ച് അഭിപ്രായങ്ങൾ തേടണമെന്നും യോഗം ഏകകണ്ഠമായി അഭിപ്രായപ്പെട്ടു. കൂടാതെ ഓരോ മെത്രാൻ സിനഡിലും എടുക്കുന്ന തീരുമാനങ്ങളുടെ പ്രവർത്തന റിപ്പോർട്ടുകൾ പുറത്തുവിടേണ്ടതുമാണ്.

ഭൂരിപക്ഷം മെത്രാന്മാരും സാമുദായിക രാഷ്ട്രീയ വിഷയങ്ങളിൽ യാതൊരു നിലപാടുകളുമില്ലാതെ അലംഭാവം പുലർത്തുന്നതായും , ഈയൊരവസ്ഥ ഇടയനില്ലാത്ത ആട്ടിൻ പറ്റത്തിന് സമാനമായി സമുദായത്തെ മാറ്റിയെന്നും സമാന്തര അൽമായ സിനഡ് വിലയിരുത്തി.

മറുവശത്ത്, നാല് ദിവസം കൂടുമ്പോൾ മാധ്യമങ്ങളുടെ മുൻപിൽ പരസ്പര വിരുദ്ധമായ പ്രസ്താവനകൾ നടത്തുന്ന ചില മെത്രാന്മാരെ പേരെടുത്ത് പറഞ്ഞ് യോഗം അപലപിച്ചു. സ്ഥിരതയില്ലാത്ത ഇത്തരം വാക്കുകളും പ്രവർത്തികളും പൊതുസമൂഹത്തിൽ തിരുസഭയെ അവഹേളനപാത്രമാക്കുമെന്നും യോഗം വിലയിരുത്തി. ഇതൊടൊപ്പം, സാമൂഹിക മാധ്യമങ്ങൾ, ചാനൽ ചർച്ചകൾ എന്നിവയിൽ അനുവാദമില്ലാതെ വൈദികർ

പങ്കെടുക്കുന്നുണ്ടോ എന്നും, ഇത് വിശ്വാസികൾക്കിടയിൽ മൂല്യച്യുതി ഉണ്ടാക്കുന്നുണ്ടോ എന്നും യോഗാംഗങ്ങൾ സംശയം പ്രകടിപ്പിച്ചു.

ഇതിനായി വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളുണ്ടാകണമെന്നും, അൽമായ പ്രതിനിധികൾ മാധ്യമങ്ങളുമായി ആശയവിനിമയം നടത്താനും, മാധ്യമ ചർച്ചകളിൽ ഔദ്യോഗികമായി പങ്കെടുക്കാനുള്ള സാഹചര്യം ഉണ്ടാകണമെന്നും യോഗം ആവശ്യപ്പെട്ടു. നിലവിൽ ഇത്തരം അൽമായ വക്താക്കളെ മാധ്യമങ്ങളിൽ മുഖം കാണിക്കാനാഗ്രഹിക്കുന്ന സഭാ നേതൃത്വത്തിലുള്ള വൈദികർ മനപ്പൂർവ്വം തഴയുകയാണന്നും ചില യോഗ അംഗങ്ങൾ അവർക്ക് കിട്ടിയ വിവരം അനുസരിച്ച് യോഗത്തെ അറിയിച്ചു.

ധ്യാനഗുരുക്കന്മാരെയും ധ്യാനകേന്ദ്രങ്ങളെയും നിയന്ത്രിക്കണമെന്നും, ഇത്തരം വ്യക്തി കൾട്ടുകൾ വിശ്വാസ ജനത്തെ യഥാർത്ഥ കുർബാന ക്രമം, യാമനമസ്കാര പ്രാർത്ഥനകൾ എന്നിവയിൽ നിന്നും വ്യതിചലിപ്പിക്കുന്നുവെന്നും യോഗം വിലയിരുത്തി. ഇതുകൂടാതെ, ഇത്തരം ധ്യാനകേന്ദ്രങ്ങൾ അപ്പോസ്തോലിക സഭാ വിശ്വാസങ്ങൾക്ക് നിരക്കാത്ത ചില 'അത്ഭുതങ്ങൾക്ക്' പുറകേ അൽമായ വിശ്വാസികളെ തള്ളിവിടുന്നെന്നും, അവയ്ക്ക് ചില മെത്രാന്മാർ തന്നെ പരസ്യ പിന്തുണ നൽകുന്നെന്നും അഭിപ്രായമുയർന്നു. ധ്യാനകേന്ദ്രങ്ങളുടെ നടത്തിപ്പിന് വ്യക്തമായ മാർഗ്ഗരേഖകൾ കൊണ്ടുവരണമെന്ന അഭിപ്രായത്തോടൊപ്പം ശുശ്രൂഷാ പൗരോഹിത്യമില്ലാത്ത അൽമായ ധ്യാനഗുരുക്കന്മാരെ നിയന്ത്രിക്കണമെന്നും സമാന്തര സിനഡ് ആവശ്യപ്പെട്ടു. അവരുടെ പ്രബോധനങ്ങൾ, ദൈവശാസ്ത്ര സംബന്ധമായ അഭിപ്രായങ്ങൾ, മതാന്തര സംവാദങ്ങൾ എന്നിവ കർശനമായ നിരീക്ഷണങ്ങൾക്ക് വിധേയമായിരിക്കണം.

ഏകീകൃത കുർബാന സഭയുടെ ധ്യാനകേന്ദ്രങ്ങളിൽ അർപ്പിക്കുന്നുണ്ടെന്നും, സീറോമലബാർ സഭയുടെ ഔദ്യോഗിക യാമ നമസ്കാരങ്ങൾ അർപ്പിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടത് മെത്രാൻ സിനഡിന്റെ ഉത്തരവാദിത്വമാണെന്ന് യോഗം ഓർമ്മപ്പെടുത്തി.

ഫരീദാബാദ് രൂപതയിൽ പൗരസ്ത്യ സുറിയാനി മതബോധനത്തെ അട്ടിമറിക്കാൻ അവിടുത്തെ മെത്രാൻ ശ്രമിക്കുന്നുവെന്നും, അതിനായി അദ്ദേഹം ലത്തീൻ സഭയുടെ മതബോധന രീതികൾ ഉൾപ്പെടുത്തി സമാന്തര സെമിനാരി നടത്തുന്നുവെന്നും മറ്റ് ആശയങ്ങൾ വൈദിക വിദ്യാർഥികളിൽ കുത്തിനിറയ്ക്കുന്നതായി ഫരീദാബാദ് രൂപതാംഗങ്ങൾ അറിയിച്ചു. ഇത്തരം പ്രവർത്തനങ്ങളെ കത്തോലിക്കാ സഭയുടെ സാർവത്രിക സുന്നഹദോസുകൾ, പ്രബോധനങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നില്ല എന്ന വസ്തുത ചൂണ്ടിക്കാട്ടി അതിനെ സമാന്തര സിനഡ് ശക്തമായി അപലപിച്ചു.

# കർഡിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് നൽകിയ സംഭാവനകളുടെ അനുസ്മരണം:

കഴിഞ്ഞ നാനൂറ് വർഷത്തെ ഭാരത നസ്രാണി സഭയുടെ ചരിത്രത്തിൽ സുപ്രധാനമായ സംഭാവന നൽകിയ മാർ ആലഞ്ചേരി പിതാവിന്റെ ലാളിത്യവും, സമുദായത്തിലെ പാവപ്പെട്ടവരോടുള്ള കരുതലും യോഗാംഗങ്ങൾ പങ്കുവെച്ചു. അദ്ദേഹത്തിന്റെ സഭയോടും, ആരാധനാ ക്രമത്തോടുമുള്ള വിധേയത്വവും, സ്നേഹവും യോഗം അനുസ്മരിച്ചു.

മാർ ആലഞ്ചേരി പിതാവിന്റെ കാലഘട്ടം സിറോ മലബാർ സഭയുടെ ആധുനിക കാലത്തെ സുവർണ്ണ കാലഘട്ടമായിരുന്നു. അഖിലേന്ത്യാ ഭരണം, സഭയുടെ സാർവത്രികമായ വളർച്ച, ആരാധനക്രമ പുനരുദ്ധാരണം, ഏകീകൃത കർബാന തുടങ്ങിയവ പ്രധാന നേട്ടങ്ങൾ എടുത്ത് പറഞ്ഞ് യോഗം അനുസ്മരിക്കുകയുണ്ടായി. നമ്മുടെ പൂർവ്വ പിതാക്കന്മാരുടെ സ്വപ്നങ്ങൾ പലതും സാക്ഷാത്കരിക്കാൻ യാതനകൾ അനുഭവിച്ച പിതാവിനെ സമുദായം യുഗാന്ത്യം വരെ ഓർക്കുന്നതാണ്.

പിതാവിന്റെ ഭാഗത്ത് നിന്നും വന്നിട്ടുള്ള ചില അശ്രദ്ധകളെ ക്ഷമിച്ചുകൊണ്ട്, സത്യത്തെ പുൽകിയ പിതാവിന് സമാന്തര അൽമായ സിനഡ് ഏകകണ്ഠമായി ഐക്യദാർഢ്യം പ്രഖ്യാപിച്ചു. കൂടാതെ വ്യാജരേഖാ കേസ് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ പിതാവിന് എല്ലാവിധ പിന്തുണയും സഹായങ്ങളും അൽമായ സമൂഹം വാഗ്ദാനം ചെയ്തു.

കഴിഞ്ഞ മൂന്ന് ദിവസങ്ങളായി നടന്നുവന്ന പ്രഥമ സമാന്തര-അൽമായ സിനഡ് വിജയകരമായി പൂർത്തിയാക്കാൻ അനുവദിച്ച ദൈവത്തിന് നന്ദിയും കൃതജ്ഞതയും അർപ്പിച്ചുകൊണ്ടും, സിനഡിൽ പങ്കെടുത്ത എല്ലാ അൽമായർക്കും നന്ദിയറിയിച്ചുകൊണ്ടും, സിനഡിന്റെ അവസാന ദിവസത്തെ യോഗം പ്രാർത്ഥനകളോടെ അവസാനിച്ചു. അടുത്ത സമാന്തര-അൽമായ സിനഡ് സീറോമലബാർ സഭയുടെ അടുത്ത മെത്രാൻ സിനഡിന് സമാന്തരമായി നടത്തപ്പെടും. ഈ സിനഡിന്റെ തുടർ നടപടികളും, യോഗത്തിന്റെ ഭാവി പ്രവർത്തനങ്ങളും, തീരുമാനങ്ങളും, പ്രഖ്യാപനങ്ങളും യോഗാംഗങ്ങളെ സിനഡാനന്തര സർക്കുലർ വഴി അറിയിക്കുന്നതായിരിക്കും.

Moderator